പതിമൂന്നാം കേരള നിയമസഭ

അഞ്ചാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ 6296 — 11/07/2012 ൽ മറുപടിയ്ക്ക്

## കൊച്ചി- മംഗലാപുരം ഗ്യാസ് പൈപ്പ് ലൈൻ

| ചോദ്യം | | ഉത്തരം |
|---|---|---|
| ശ്രീ. സി. കെ. നാണു:<br>ശ്രീ. മാത്യു. റ്റി. തോമസ്:<br>ശ്രീ. ജോസ് തെറ്റയിൽ: | | ശ്രീ. ഉമ്മൻചാണ്ടി<br>(മുഖ്യമന്ത്രി) |
| (എ) കൊച്ചിയിൽ നിന്നും മംഗലാപുരംവഴി കടന്നു പോകുന്ന ഗ്യാസ് അതോറിറ്റി ഓഫ് ഇന്ത്യയുടെ വാതകപൈപ്പ് ലൈൻ ഏതെല്ലാം സ്ഥലങ്ങളിലൂടെയാണ് കടന്നു പോകുന്നത് എന്ന് പറയുമോ ; | (എ) | കൊച്ചിയിൽ നിന്നും ബാംഗ്ലൂർ വഴിയും മംഗലാപുരം വഴിയും കടന്നു പോകുന്ന വാതക പൈപ്പ് ലൈൻ എറണാകുളം ജില്ലയിലെ പറവൂർ, തൃശൂർ ജില്ലയിലെ കൊടുങ്ങല്ലൂർ, മുകുന്ദപുരം, തൃശൂർ ചാവക്കാട്, തലപ്പള്ളി, പാലക്കാട് ജില്ലയിലെ ഒറ്റപ്പാലം, പാലക്കാട്, മലപ്പുറം ജില്ലയിലെ തിരൂർ, പെരിന്തൽമണ്ണ, ഏറനാട് കോഴിക്കോട് ജില്ലയിലെ കോഴിക്കോട് കൊയിലാണ്ടി, വടകര, കണ്ണൂർ ജില്ലയിലെ തലശ്ശേരി, കണ്ണൂർ, തളിപ്പറമ്പ്, കാസറഗോഡ് ജില്ലയിലെ ഹോസ്ദുർഗ്, കാസറഗോഡ് എന്നീ താലൂക്കുകളിൽ കൂടിയാണ് കടന്ന് പോകുന്നത്. |
| (ബി) പ്രസ്തുത പൈപ്പ് ലൈൻ കടന്നു പോകുമ്പോൾ നഷ്ടപ്പെടുന്ന വീടുകളുടെ എണ്ണം എത്രയെന്ന് അറിയിക്കുമോ ; | (ബി) | പൈപ്പ്‌ലൈൻ സ്ഥാപിക്കുന്നതിന് ഭൂമിയുടെ ഉപയോഗാവകാശം ഏറ്റെടുക്കുമ്പോൾ വീടുകൾ ഒഴിവാക്കിയാണ് ഏറ്റെടുക്കുന്നത് |
| (സി) വീടും സ്ഥലവും നഷ്ടപ്പെടുന്നവർക്ക് നൽകുന്ന നഷ്ടപരിഹാരത്തിന്റെ മാനദണ്ഡം വ്യക്തമാക്കുമോ? | (സി) | ഭൂമിയുടെ ഉപയോഗാവകാശം ഏറ്റെടുക്കുമ്പോൾ സ്ഥലമുടമകൾക്ക് 1962 ലെ പെട്രോളിയം ധാതു പൈപ്പ്‌ലൈൻ ആക്ട് (ഭൂമിയുടെ ഉപയോഗാവകാശം ഏറ്റെടുക്കൽ) പ്രകാരം ഭൂമി വിപണി വിലയുടെ 10% വും കൃഷിനാശത്തിന് നിയമപ്രകാരമുള്ള പൂർണ്ണ നഷ്ട പരിഹാരവുമാണ് ഇപ്പോഴത്തെ വ്യവസ്ഥയനുസരിച്ച് നൽകുന്നത് |

സെക്ഷൻ ഓഫീസർ